കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂരങ്ങാടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഒാഡിറ്റ് കാര്യാലയം മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം25/1464/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
E-mail: dompm.ksad@kerala.gov.in

തിയ്യതി 19-11-2020

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

തിരൂരങ്ങാടി നഗരസഭ

സർ,

വിഷയം : തിരൂരങ്ങാടി നഗരസഭ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-എം.പി.എം25/1464/2020 തിയ്യതി: 19-11-2020

# മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 02-05-2019 മുതൽ 03-10-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-10-2020 മുതൽ 19-10-2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി. പി | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| ശ്രീമതി. സൽമത്ത്. ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അബ്ദുൽ അലി കുന്നൻ | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

ചെയർപേഴ്സൺ

| | |
|---|---|
| ശ്രീമതി. റഹീദ കെ. ടി. | 01-04-2018 മുതൽ 31-03-2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എസ്. ജയകുമാർ | 01-04-2018 മുതൽ 03-05-2018 വരെ |
| ശ്രീമതി.ദീപ്തി. എൽ (ചാർജ്ജ്) | 04-05-2018 മുതൽ 18-06-2018 വരെ |
| ശ്രീ. ബിജു.എം.കെ (ചാർജ്ജ്) | 19-06-2018 മുതൽ 28-06-2018 വരെ |
| ശ്രീ. നാസ്സിം.ഇ | 29-06-2018 മുതൽ 31-03-2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. രത്നാകരൻ. എ. കെ | 01.04.2018 മുതൽ 03.08.2018വരെ |
| | ശ്രീ. വിഷ്ണു.ആർ. | 04.08.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സാജു ജോർജ് | 01.04.2018 മുതൽ 11.02.2019 വരെ |
| | ഡോ. സബീർ ഹുസൈൻ.കെ.വി | 12.02.2019 മുതൽ 28.02.2019വരെ |
| | ഡോ. രേഷ്മ. | 01.03.2019 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. മിനി പിലാക്കാട്ട് | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ | ശ്രീ.വിശ്വനാഥൻ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. മൊഹമ്മദലി എൻ | 01.06.2018 മുതൽ 14.12.2018 വരെ |
| | ശ്രീമതി.ലീന തോമസ്. | 15.12.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി (മെഡിക്കൽ ഓഫീസർ) | ഡോ. ഷാജഹാൻ. എം | 01.04.2018 മുതൽ 08.11.2018 വരെ |
| | ഡോ. ഹരിദാസൻ.സി | 09.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രശാന്ത്. ജി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അനൂപ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ദീപ്തി. എൽ | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീ. ബിജു.എം.കെ | 19.06.2018 മുതൽ 31.12.2018 വരെ |
| | ഒഴിവ് | 01.01.2019 മുതൽ |

| | | |
|---|---|---|
| | | 03.01.2019 വരെ |
| | ശ്രീ. അനീസ്. സി | 04.01.2019 മുതൽ<br>25.02.2019വരെ |
| | ഒഴിവ് | 26.02.2019 മുതൽ<br>05.03.2019വരെ |
| | ശ്രീ. സിങ് റസ്സൽ | 06.03.2019 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി -അപാകതകൾ | 1-12 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ/തരം മാറ്റാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം, വസ്തുനികുതി കുറവ്. | 1-13 |
| 14 | വസ്തുനികുതി- സഞ്ചയ സോഫ്റ്റ്വെയറിൽ തെറ്റായ വിവരങ്ങൾ നൽകി വസ്തു നികുതി നിർണ്ണയിച്ചു | 1-14 |
| 15 | കെട്ടിട നിർമ്മാണ ഫയലുകൾ - അപാകത, പ്ലാനുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-15 |
| 16 | വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി യഥാസമയം ഈടാക്കുന്നില്ല, കുടിശ്ശിക പിരിച്ചെടുക്കാനാവാതെ നഷ്ടം സംഭവിക്കുന്നു | 1-16 |
| 17 | ക്രമപ്രകാരമല്ലാതെ/ചട്ടം ലംഘിച്ച് കൊണ്ട് കെട്ടിടങ്ങൾക്ക് നമ്പറുകൾ/ഒക്കുപ്പൻസി അനുവദിച്ചു | 1-17 |
| 18 | ചെമ്പയിൽത്താഴം കുടിവെള്ളവിതരണ പദ്ധതി - പൊതുആസ്തികൾ സംരക്ഷിക്കുന്നതിലെ വീഴ്ചകൾ | 1-18 |
| 19 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -ടെൻഡർ നടപടികൾ കാര്യക്ഷമമാക്കണം | 1-19 |
| 20 | ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് - സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 21 | നെൽകൃഷി കൂലിച്ചെലവിനത്തിൽ അധികം തുക നൽകിയത് സംബന്ധിച്ച് | 1-21 |
| 22 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു | 1-22 |
| | | |

| | | |
|---|---|---|
| 23 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയതിൽ അപാകത | 1-23 |
| 24 | പ്രിൻസിപ്പാൾ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ -പൊതു അപാകതകൾ | 1-24 |
| 25 | ജി എസ് ടി - ടിഡി എസ് ഈടാക്കിയില്ല | 1-25 |
| 26 | ഒരേ സ്പെസിഫിക്കേഷനോട് കൂടിയുള്ള ഫർണിച്ചറുകൾക്ക് വ്യത്യസ്ത വില ഈടാക്കി | 1-26 |
| 27 | സ്ഥിരം ജീവനക്കാർ - GIS,SLI എന്നിവയിൽ അംഗത്വമില്ലാതെ തുടരുന്നു. | 1-27 |
| 28 | ശമ്പള പരിഷ്കരണ കുടിശ്ശിക – പെൻഷൻ അംശദാനം അടവാക്കിയില്ല | 1-28 |
| 29 | നഗരസഭയിൽ നിന്നും വാടക നൽകിയത് - ആദായനികുതി കുറവ് വരുത്തിയില്ല | 1-29 |
| 30 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമല്ല | 1-30 |
| 31 | നഗരസഭാ ജീവനകാരുടെ പെൻഷൻ അംശദാനം - അർഹമായതിലും കുറഞ്ഞനിരക്കിൽ അടവാക്കുന്നു. | 1-31 |
| 32 | വൃദ്ധർക്ക് കട്ടിൽ - അർഹമായ പ്രായപരിധിയിലും കുറഞ്ഞവർക്ക് ആനുകൂല്യം നൽകി | 1-32 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | ഇല്ല | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 47 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | 2 |
| 48 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | 3 |
| 49 | ബാലൻസ് ഷീറ്റ് | 4 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/31.03.2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 01/28.02.2019 |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 25.06.2019 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36763358 |
| വരവ് | 159814675 |
| ആകെ | 196578033 |
| ചെലവ് | 135973027 |
| നീക്കിബാക്കി | 60605006 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 24110542 | 24110542 | 24110542 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5675000 | 5675000 | 5217927 | 457073 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 272000 | 272000 | 0 | 272000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7014000 | 7014000 | 5807312 | 1206688 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5577000 | 5577000 | 5399975 | 177025 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 13286437 | 13286437 | 3962464 | 9323973 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ) എസ്. എസ്.എ | 2299981 | 74494 | 2374475 | 2300000 | 74475 |
| ബി ഫണ്ട് | | | | | |
| കെ.ജി.ബി(അയ്യങ്കാളി) | 0 | 5069417 | 5069417 | 2057941 | 3017476 |
| കനറ ബാങ്ക് -തനത് ഫണ്ട് | 0 | 10794510 | 10794510 | 13655 | 10780855 |
| കനറ ബാങ്ക് -സഞ്ചയ ഓൺലൈൻ | 0 | 115108 | 115108 | 118 | 114990 |
| തനത് ഫണ്ട്- ICICI, ചെമ്മാട് | 3173858 | 300025 | 3473883 | 702328 | 2771555 |
| തനത് ഫണ്ട് – HDFC, ചെമ്മാട് | 12555 | 0 | 12555 | 0 | 12555 |
| തനത് ഫണ്ട് – TSC ബാങ്ക് | 11945090 | 22885844 | 34830934 | 18194496 | 16636438 |
| ട്രഷറി ടി.എസ്.ബി | 15203389 | 23886432 | 39089821 | 24352863 | 14736958 |
| എസ്.ബി.ഐ-സീറോ ബാലൻസ് | 472582 | 38731 | 511313 | 101208 | 410105 |
| എസ്.ബി.ടി സ്വച്ഛ് ഭാരത് | 603480 | 5423429 | 6026909 | 266185 | 5760724 |
| കനറാ – ഹരിയാലി | 110962 | 894 | 111856 | 0 | 111856 |
| കനറാ- ഹരിത കർമ്മസേന | 0 | 323923 | 323923 | 62 | 323861 |
| കാനറ -ആർ.എം.എസ്.എ | 0 | 1753885 | 1753885 | 0 | 1753885 |
| TSCB Distress | 207311 | 77120 | 284431 | 66000 | 218431 |
| കനറാ – NULM | 190374 | 961845 | 1152219 | 679428 | 472791 |
| ICICI – PMAY | 1814331 | 46011135 | 47825466 | 44870000 | 2955466 |
| കാനറ – എം.പി. ഫണ്ട് | 0 | 451047 | 451047 | 432000 | 19047 |
| കാനറ – ദുരിതാശ്വാസ നിധി | 0 | 173913 | 173913 | 0 | 173913 |
| സാക്ഷരത | 75468 | 0 | 75468 | 0 | 75468 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 9511617 | 159 | 5422701 | 0 | 63 | 71.62% |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി AUEGS

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 5069417 | 5069417 | 333158 | 3017476 |
| ഗുണഭോക്താക്കൾ നേരിട്ട് നല്കിയത് | | | | 1718783 | |

ആകെ 2051941

## 1-7 ക്ഷേമ പദ്ധതികൾ

2018-19 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24000 | 13 |
| കർഷക തൊഴിലാളി പെൻഷൻ | 2239600 | 569 |
| വിധവാ പെൻഷൻ | 20675500 | 4870 |
| വാർദ്ധക്യകാല പെൻഷൻ | 34965600 | 7123 |
| വികലാംഗ പെൻഷൻ | 7187800 | 1642 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 566700 | 130 |
| വിവാഹ ധനസഹായം | 630000 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2020ന് രാവിലെ 10:45-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുക 27687/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വിവരാവകാശ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

3.പ്രിൻസിപ്പൽ പ്രൊജക്ട് രജിസ്റ്റർ, ടി.ആർ.7എ കാഷ് ബുക്കിൽ വിവരങ്ങൾ ചേർത്തിട്ടില്ല.

4.പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ പ്രകാരം പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5കെട്ടിട നിർമ്മാണ അനുമതി, നമ്പറിംഗ് ഫയലുകൾ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധന കൂടാതെ തീർപ്പാക്കുന്ന പ്രവണത നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്* | 12.11.15 – 24.11.15 | 1.10.15 മുതൽ 30.10.15 വരെ | വിവരം ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.18 – 11.01.19 | 2013-14 മുതൽ 2017-18 വരെ | 21.02.19 |

(*കുറിപ്പ് : പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടുള്ളത് ഗ്രാമപഞ്ചായത്ത് ആയ സമയത്താണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. തിരൂരങ്ങാടി നഗരസഭയായതിനു ശേഷം (01.11.15 മുതൽ) പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല)

## 1-11 വാർഷിക കണക്കിലെ അപാകതകൾ

തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2018-19 ലെ വാർഷികക്കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2- ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല (വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തിനാൽ.) ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല.

3- ടെണ്ടർ രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4- ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5- ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6 – തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ (എംപ്ലോയീസ് & ട്രേഡേഴ്സ്) സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7- സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ കുടിശ്ശിക ഡിമാന്റ് 18801961 രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് 23377577 രൂപയുമാണ്.

8- വാർഷിക കണക്കു പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക ഡിമാന്റ് 23377577 രൂപയും കളക്ഷൻ 8948432 രൂപയുമാണ്. എന്നാൽ ബാലൻസ് തുക 14429145 എന്ന് വരേണ്ടതിന് പകരം 9853528 രൂപയാണ് ബാലൻസ് ഷീറ്റിൽ വന്നിട്ടുള്ളത്.

9- കെട്ടിടങ്ങളുടെ വാടകയിനത്തിൽ വാർഷിക കണക്കു പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ വാടക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 163824 | 173148 | 9324 |
| കളക്ഷൻ | 124324 | 165248 | 40924 |
| ബാലൻസ് | 39500 | 7900 | 31600 |

മാത്രമല്ല, വാടക രജിസ്റ്ററിലെ സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10- കനറ ബാങ്ക് ഹരിയാലി (അക്കൗണ്ട് നമ്പർ - 0825101066083) – യിൽ 31-03-19 -ന് 111856 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

11- വാർഷികക്കണക്ക് പ്രകാരം പാരാമെഡിയ്ക്കൽ ഫീ ഇനത്തിൽ 10503 രൂപ ഡിമാന്റ് ഉണ്ട്. മുഴുവൻ തുകയും കളക്റ്റ് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം ഡിമാന്റും കളക്ഷനും 8550 രൂപ മാത്രമാണ്.

12- 31-03-19 -ന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷികക്കണക്ക് പ്രകാരം 3017476 രൂപയാണ്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ്, കാഷ് ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 3015894 രൂപയാണ്.

13- ബാലൻസ് ഷീറ്റിലെ ബി-14 പ്രകാരം സ്റ്റോറിന്റെ ക്ലോസിംഗ് സ്റ്റോക്ക് 105924 രൂപയാണ് എന്നാൽ സ്റ്റോക്ക് രജിസ്റ്റർ അതിനനുസരിച്ച് വാല്യൂബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

14- ബി.18 ഷെഡ്യൂളിൽ Advance to others എന്ന ഇനത്തിൽ 1200 രൂപ മുൻകൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 2015-16 മുതൽ carry forward ചെയ്ത് വരുന്ന തുകയാണെന്ന് ലഡ്ജറിൽ നിന്ന് വ്യക്തമാകുന്നു. തുക നാളിത് വരെ ക്രമീകരിക്കാനായിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകതകൾ

2018-19 വർഷത്തെ തിരൂരങ്ങാടി നഗര സഭയുടെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥാപന പേരിന് നേരെ ചേർത്ത കാലയളവിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്റർ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാനുള്ള അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|---|
| 1 | 35 | എ.എം.ഹോണ്ട | II | |
| 2 | 49 | പോസ്റ്റ് ഓഫീസ്, ചുള്ളിപ്പാറ | II | |
| 3 | 73 | അൽ അമീൻ പോളിക്ലിനിക് | II | |
| 4 | 89 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വുറൻസ് കമ്പനി ലിമിറ്റഡ് | II | |
| 5 | 92 | സീനത്ത് കളക്ഷൻസ് | II | |
| 6 | 132 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- മെയിൻ ബ്രാഞ്ച്. | II | |
| 7 | 133 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- ഈവനിംഗ് ബ്രാഞ്ച്. | II | |
| 8 | 134 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- തിരൂരങ്ങാടി ടൗൺ ബ്രാഞ്ച്. | II | |
| 9 | 135 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- വെന്നിയൂർ ബ്രാഞ്ച്. | II | |
| 10 | 136 | തിരൂരങ്ങാടി സർവ്വീസ് | II | |

| | | | | |
|---|---|---|---|---|
| | | കോ.ഓപ്പറേറ്റീവ് ബാങ്ക്- കക്കാട് ബ്രാഞ്ച്. | | |
| 11 | 137 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- പന്താരങ്ങാടി ബ്രാഞ്ച്. | II | |
| 12 | 138 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- നീതി മെഡിക്കൽ സ്റ്റോർ . | II | |
| 13 | 146 | റിലീഫ് ഡെന്റൽ ക്ലിനിക് | I, II | 19/7/18ന് അടവാക്കിയിത് മുൻവർഷത്തേത് |
| 14 | 148 | താജ് ഡയഗ്നോസ്റ്റിക് സെന്റർ | I, II | |
| 15 | 163 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് ,തിരൂരങ്ങാടി | II | |
| 16 | | തിരൂരങ്ങാടി നഗരസഭാ കാര്യാലയം | I, II | |

2) ചുവടെ പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്റർ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാനുള്ള അർദ്ധവർഷം | തുക |
|---|---|---|---|---|
| 1 | 12 | എച്ച്.ഡി.എഫ്.സി ബാങ്ക് | I, II | 2500 |
| 2 | 49 | ഐ.സി.ഐ.സി.ഐ ചെമ്മാട് | II | 1250 |
| 3 | 65 | ബി.എസ്.എൻ.എൽ | I, II | 2500 |
| 4 | 94 | മുത്തൂറ്റ് ഫിൻ.കോർപ്പ് | I, II | 2500 |
| 5 | 104 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് ആൻഡ് ഇൻവെസ്റ്റ്മെന്റ്സ് | II | 1250 |
| 6 | 127 | എസ്.ബി.ഐ.തിരൂരങ്ങാടി | I, II | 2500 |
| 7 | 132 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- മെയിൻ ബ്രാഞ്ച്. | II | 1250 |
| 8 | 133 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- ഈവനിംഗ് ബ്രാഞ്ച്. | II | 1250 |
| 9 | 134 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- തിരൂരങ്ങാടി ടൗൺ ബ്രാഞ്ച്. | II | 1250 |
| 10 | 135 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- വെന്നിയൂർ ബ്രാഞ്ച്. | II | 1250 |
| 11 | 136 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- കക്കാട് ബ്രാഞ്ച്. | II | 1250 |
| 12 | 137 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- പന്താരങ്ങാടി ബ്രാഞ്ച്. | II | 1250 |
| 13 | 138 | തിരൂരങ്ങാടി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്- നീതി മെഡിക്കൽ സ്റ്റോർ . | II | 1250 |

3) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ പ്രൊജക്ട് നമ്പർ 122/19 ന്റെ ഭാഗമായി നിയമിക്കപ്പെട്ട ചുവടെ ചേർത്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | ഈടാക്കേണ്ട തുക | | റിമാർക്സ് |
|---|---|---|---|---|
| | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | |
| 1 | ഡോ.റമീസ് | 1250 | - | |
| 2 | ഡോ.ഷഹർബാൻ | 750 | 1250 | |

4) രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

എ) സ്ഥാപനങ്ങളുടെ ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ നൽകുന്ന റിട്ടേണുകൾ അടിസ്ഥാനമാക്കി രജിസ്റ്റർ തയ്യാറാക്കുന്നതിനാൽ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.

ബി) തൊഴിലുടമ സമർപ്പിക്കുന്ന റിട്ടേണുകളിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാ:- ക്രമ നം. 1 – റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ് റിട്ടേൺ പ്രകാരം ജീവനക്കാരുടെ എണ്ണം 14 , രജിസ്റ്ററിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം 9.

സി) ജീവനക്കാർ പുതുതായി ജോലിയിൽ പ്രവേശിക്കുന്നതിന്റെയോ സ്ഥലം മാറ്റം ലഭിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് മൂലം തൊഴിൽ നികുതി അടവാക്കുന്നത് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

ഡി) തൊഴിൽ നികുതി ഇളവുള്ള ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

ഇ) സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.റസീപ്റ്റ് വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. ഉദാ:-ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിലെ ക്രമ നമ്പർ 61 ,143.

തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കേണ്ടതും രജിസ്ററർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(എൻക്വയറി നമ്പർ 25/16-10-20 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന,തൊഴിൽ നികുതികൾ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണ് എന്നറിയിച്ചു.)

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ/തരം മാറ്റാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു- ചട്ടലംഘനം, വസ്തുനികുതി കുറവ്.

2018-19 സാമ്പത്തിക വർഷത്തിലെ ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ, ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെയും തരം മാറ്റാതെയും, വാണിജ്യമോ വ്യവസായമോ ആയ തരം കെട്ടിടങ്ങളിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് വ്യവസായ/ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനികുതി ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തുകയിലും കുറവ് സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചില കെട്ടിടങ്ങളുടെ/ ലൈസൻസ് വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ഡി&ഒ ലൈസൻസ് | ലൈസൻസ് അനുവദിക്കപ്പെട്ട | രജിസ്റ്റർ/ അപേക്ഷ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം, | യഥാർത്ഥത്തിൽ കെട്ടിടത്തിന്റെ തരം, |
|---|---|---|---|---|---|

| | രജിസ്റ്ററിലെ ക്രമ നമ്പർ | വ്യക്തി, ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | പ്രകാരമുള്ള കെട്ടിട നമ്പർ | ഈടാക്കുന്ന വസ്തുനികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 1 | കോലാത്ത് മുഹമ്മദ്, പെട്രോളിയം ഉൽപന്നങ്ങളുടെ വിൽപ്പന | 12/300 | പാർപ്പിടം, 6രൂപ/ച.മീ | വാണിജ്യം/ഫ്യുവൽ സ്റ്റേഷൻ, 60 രൂപ/ച.മീ |
| 2 | 3 | അബ്ദുൽ ഖാദർ ഹാജി, മര ഫർണ്ണിച്ചർ നിർമ്മാണം | 28/42 | പാർപ്പിടം, 6രൂപ/ച.മീ | ഇതര വ്യവസായം, 60 രൂപ/ ച.മീ |
| 3 | 2 | കൊലരക്കൽ നഫീസ, ഓയിൽ&ഫ്ലോർ മിൽ നടത്തിപ്പ് | 21/9 | പാർപ്പിടം, 6രൂപ/ച.മീ | ഇതര വ്യവസായം, 60 രൂപ/ ച.മീ |

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1-ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/12.10.2020 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ഉപയോഗ ക്രമം സംബന്ധിച്ച് പരിശോധന നടത്തി മാത്രമേ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുകയുള്ളൂ എന്നും മേൽ സ്ഥാപനങ്ങൾ വാണിജ്യാവശ്യ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ച് വരുന്നതെന്നും സഞ്ചയയിൽ ഡാറ്റ എൻട്രി നടത്തിയപ്പോൾ വന്ന അപാകതയാണ് നികുതി തെറ്റായി നിർണ്ണയിക്കാനിടയായതെന്നും ആയത് പരിഹരിച്ച് കെട്ടിട ഉടമകൾക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകിയതായും അറിയിച്ചു. തുടർനടപടി വിവരവും കുറവ് വന്ന വസ്തുനികുതി തുകയടക്കം ഈടാക്കി അക്കാര്യവും അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ നൽകി വസ്തു നികുതി നിർണ്ണയിച്ചു

കെട്ടിട നമ്പർ 7/460A പ്രകാരം മൊയ്തീൻ കുട്ടി ഹാജി എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ. അധികം വിസ്തീർണ്ണമുള്ള തരം കെട്ടിടത്തിന്റെ (303.64ച.മീ വിസ്തീർണ്ണം, നികുതി നിരക്ക്-110 രൂപ/ച.മീ) ഫയലും സഞ്ചയയിലെ വിവരങ്ങളും പരിശോധിച്ചതിൽ, സഞ്ചയയിൽ തെറ്റായ വിവരങ്ങൾ നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനം. | ഇനം/ വിവരണം | ഫയൽ പ്രകാരമുള്ള വിവരങ്ങൾ | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|
| 1 | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | ദ്വിതീയം | പ്രഥമം |
| 2 | റോഡിന്റെ പേര് | ചെമ്മാട്/തലപ്പാറ-കോഴിക്കോട് | രേഖപ്പെടുത്തിയിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| 3 | റോഡിന്റെ തരം | അഞ്ച് മീറ്ററോ അതിൽ കൂടുതൽ | 1.5 മീറ്ററിൽ കൂടുതൽ |
| 4 | നില | മൂന്നാം നില | ഒന്നാം നില |
| 5 | മേൽക്കൂര | ഷീറ്റ് | ഷീറ്റ് |

മേൽ പ്രകാരം തെറ്റായ വിവരങ്ങൾ സഞ്ചയയിൽ നൽകിയതിനാൽ നികുതി നിർണ്ണയിച്ചതിലും ചുവടെ ചേർത്ത പ്രകാരം വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

| ഫയൽ പ്രകാരം നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | സഞ്ചയ പ്രകാരം നിർണ്ണയിച്ച നികുതി |
|---|---|
| 303.64x110 = 33400.4<br>നികുതിയിളവ്- 20% (മേഖല, മേൽക്കൂര ഇളവ് 10%+10%)<br>നികുതി വർദ്ധന- 20% (വഴി വർദ്ധന)<br>33400.4-20%-20% =33400.4<br>മൂന്നാം നില ഇളവ്- 15%<br>33400.4 -15% = 28390.3<br>നിർണ്ണയിക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി- 28391/- | 303.64x110 = 33400.4<br>നികുതിയിളവ്- 10% (മേൽക്കൂര ഇളവ് 10%)<br>നികുതി വർദ്ധന- ഇല്ല<br>33400.4-10% =30061<br>ഒന്നാം നില ഇളവ്- 5%<br>30061 -5% = 28557.9<br>തെറ്റായി നിർണ്ണയിച്ച വാർഷിക വസ്തു നികുതി- 28558/- |

നികുതി നിർണ്ണയത്തിനാധാരമായ വിവരങ്ങളുൾപ്പടെ തെറ്റായ വിവരങ്ങൾ സഞ്ചയയിൽ ചേർത്ത് വസ്തു നികുതി നിർണ്ണയിക്കുന്നതായുള്ള അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/15.10.2020 നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി ഫയൽ വിശദമായി പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ചേർക്കുമ്പോൾ കൃത്യമായ വിവരങ്ങൾ ചേർക്കുന്നതിനും ഫയലുകളിൽ സഞ്ചയ പ്രകാരമുള്ള നികുതി നിർണ്ണയത്തിന്റെ പ്രിന്റ് ചേർത്തു വെക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടുള്ള മറ്റ് ഫയലുകൾ ഉണ്ടോയെന്നത് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയതുൾപ്പടെയുള്ള അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കെട്ടിട നിർമ്മാണ ഫയലുകൾ - അപാകത, പ്ലാനുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർശനമായും പാലിക്കേണ്ടതാണ്. എന്നാൽ ആയതിൽ പരാമർശിച്ച ചുവടെ ചേർത്ത നിർദ്ദേശങ്ങൾ നഗരസഭയിൽ പൂർണ്ണമായും പാലിക്കുന്നില്ല എന്ന് കണ്ടു.

1. ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണ്.

ഉദാ. (A) ഫയൽ നമ്പർ PW2-1851/18 തിയതി. 06.02.18 പ്രകാരം കണ്ണങ്ങാട്ട് പള്ളിക്കൽ മൊയ്തീൻ കുട്ടിഹാജി മുതൽപേർക്ക് 7/460A കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഫയൽ പ്രകാരം ഇത് മൂന്നാം നിലയാണ്. എന്നാൽ ഇതിന് മുൻപ് ടി കെട്ടിടത്തിന്റെ താഴത്തെ നിലകൾക്ക് 7/460 നമ്പർ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച യാതൊരു രേഖകളും ടി ഫയലിൽ ഇല്ല.

(B) ഫയൽ നമ്പർ PW2-15334/17 തിയതി. 21.12.17 പ്രകാരം 16271/15/11.11.2015 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിലുള്ള കരുമാട്ട് ഗോപിനാഥൻ എന്നവരുടെ 7/399A, 399B,399C, 399D എന്നീ നമ്പർ കെട്ടിടങ്ങളോട് അനുബന്ധിച്ചുള്ള മേൽ പെർമിറ്റിൽ തന്നെയുള്ള രണ്ടാം നില നിർമ്മാണത്തിന് 17.01.18 PW2/719/18 നമ്പറായി പുതിയ ഫയൽ സൂക്ഷിച്ചതായും കണ്ടു.

2. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണ അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയിലെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തണം. ഒരേ സ്ഥാനത്ത് സാധുവായ രണ്ട് പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകുവാൻ പാടുള്ളതല്ല. ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത് ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

ഉദാ. ഫയൽ നമ്പർ PW2-1851/18 തിയതി. 06.02.18 പ്രകാരം കണ്ണങ്ങാട്ട് പള്ളിക്കൽ മൊയ്തീൻ കുട്ടിഹാജി മുതൽപേർക്ക് 7/460A കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഫയലിലുള്ള സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനിൽ നിലവിലുള്ള മറ്റ് രണ്ട് കെട്ടിടങ്ങളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ അവയുടെ കെട്ടിട നമ്പറോ വിസ്തീർണ്ണമോ മറ്റ് വിശദാംശങ്ങളോ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

ഉദാ. ഫയൽ നമ്പർ. A4/127/18 തിയതി. 04.01.18, ഓവർസിയറുടെ റിപ്പോർട്ടിൽ മേൽ പരാമർശിച്ച പ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.

അപാകതകൾക്ക് വിശദികരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.19/15.10.2020 ന് അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ക്രമനം.1(B), 2 എന്നീ അപാകതകളിൽ പരാമർശിച്ച ഫയലുകൾ എഞ്ചിനിയറിംഗ് വിഭാഗത്തിന് കൈമാറുകയോ എഞ്ചിനിയറിംഗ് വിഭാഗം റിപ്പോർട്ട് നൽകിയതായോ കാണുന്നില്ല എന്നും ക്രമ നം. 1 (A) അപാകത റവന്യ വിഭാഗത്തിന്റെ നടപടിയാണ് എന്നും ക്രമനം.3 അപാകത ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ക്രമനം.1(B), 2 എന്നീ അപാകതകളിൽ പരാമർശിച്ച ഫയലുകൾ എഞ്ചിനിയറിംഗ് വിഭാഗത്തിന് കൈമാറാത്തതിനും ക്രമ നം. 1 (A) അപാകതക്കും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി യഥാസമയം ഈടാക്കുന്നില്ല, കുടിശ്ശിക പിരിച്ചെടുക്കാനാവാതെ നഷ്ടം സംഭവിക്കുന്നു

വസ്തുനികുതി പരിശോധനയുടെ ഭാഗമായി നഗരസഭയിൽ സ്ഥിതി ചെയ്യുന്നവാർത്താവിനിമയ ഗോപുരങ്ങളുടെയും അവയുടെ 2018-19ലെ വസ്തുനികുതി, 2018-19 ലേത് ഉൾപ്പടെയുള്ള വസ്തു നികുതി കുടിശ്ശിക, എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിൽ(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 29/16.10.2020) , ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഈയിനത്തിൽ ചുവടെ ചേർത്ത പ്രകാരം വസ്തുനികുതി ഈടാക്കാത്തതായിട്ടുണ്ട്/കുടിശ്ശികയുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) ഡിമാന്റ് | 2018-19 വർഷത്തെ ഈടാക്കിയ വസ്തു നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) / രസീത് നമ്പർ | 2018-19 ലേത് ഉൾപ്പടെ നടപ്പു വർഷം വരെ ഈടാക്കാനുള്ള വസ്തു നികുതി | ഈടാക്കാത്ത കാലയളവ് |
|---|---|---|---|---|---|---|
| 1 | 38/381A | ഭാരതി | 6300 | - | 18900 | 2018-19 ഒന്നാം |

| | | | | | | |
|---|---|---|---|---|---|---|
| | | ഇൻഫ്രാടെൽ ലിമിറ്റഡ് | | | | അർദ്ധ വർഷം മുതൽ |
| 2 | 8/1095 | ഐഡിയ സെല്ലുലാർ | 6300 | – | 50400 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 14/395A | ഇൻഡസ് ടവർ | 15431 | – | 46293 | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 15/527 | ഇൻഡസ് ടവർ | 14913 | – | 44739 | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 20/282 | ഇൻഡസ് ടവർ | 11550 | – | 92400 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 36/68 | WTTAIL | 5198 | – | 26486 | 2011-12ലെ 496രൂപ കുടിശ്ശിക+2016-17 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 36/15 | ഐഡിയ സെല്ലുലാർ | 6930 | – | 20790 | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 14/719N | റിലയൻസ് ഇൻഫോകോം | 5510 | – | 38572 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ (2017-18ൽ 117150112062/ 30.03.18 പ്രകാരം 5508 രൂപ അടവാക്കിയത് ഒഴികെ) |
| 9 | 23/168 | ഭാരതി ഇൻഫ്രാടെൽ | 6619 | – | 52952 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 38/344 | റിലയൻസ് ഇൻഫ്രാടെൽ | 4883 | – | 39064 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| ആകെ | | | | | 430596 | |

തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് ആയിരുന്ന 2013-14 മുതൽ നടപ്പ് വർഷം വരെയായി വിവിധ വാർത്താ വനിമയ ഗോപുരങ്ങളുടെ വസ്തു നികുതിയിനത്തിൽ ആകെ 430596/- രൂപ ഈടാക്കാത്തതായിട്ടുണ്ട്. വർഷങ്ങൾക്ക് മുൻപുള്ള കുടിശ്ശിക തുകകൾ ഉൾപ്പെടെ ഈടാക്കാനവശേഷിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്തോ നിലവിൽ നഗരസഭയായ ശേഷമോ ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് വ്യക്തമാണ്. യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ പിന്നീട് പിരിച്ചെടുക്കാൻ സാധിക്കാതെ ഈയിനത്തിൽ വലിയ വരവ് നഷ്ടം സംഭവിക്കുന്നതാണ്. ഈടാക്കാവുന്ന വസ്തുനികുതി കുടിശ്ശികയുൾപ്പടെയുള്ള തുകകൾ ഈടാക്കി അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ക്രമപ്രകാരമല്ലാതെ/ചട്ടം ലംഘിച്ച് കൊണ്ട് കെട്ടിടങ്ങൾക്ക് നമ്പറുകൾ/ഒക്കുപ്പൻസി അനുവദിച്ചു

സഞ്ചയ പ്രകാരം നഗരസഭ 2018-19ൽ നമ്പർ/ഒക്കുപ്പൻസി അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായും, ശ്രീ. അബൂസാലിഹ് കോയ തങ്ങൾ എം.പി എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിലും ലഭ്യമാക്കാനാവശ്യപ്പെട്ടതിൽ, ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ നിലം ഭൂമിയിലെ കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി/നമ്പർ അനുവദിച്ചതായും ചില കെട്ടിടങ്ങളുടെ ഫയലുകൾ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ അംഗീകാരമോ റിപ്പോർട്ടോ ഇല്ലാതെ തന്നെ സെക്രട്ടറി നമ്പർ/ഒക്കുപ്പൻസി അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലം/നഞ്ച ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ക്രമവൽക്കരിച്ച നമ്പർ/ഒക്കുപ്പൻസി അനുവദിച്ചു

(A). ശ്രീ.മുഹമ്മദ് ശാഫി.യു എന്നവരുടെ നിലം ഭൂമിയിൽ (സർ.നം 191/1,2- 68.54 സെന്റ്) നിർമ്മിച്ച 1181.88 m2 വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടം ക്രമവൽക്കരിച്ച് 34/202A ( 295.47m2 -Ground floor), 34/202B (( 295.47m2 -first floor), 34/202C ( 295.47m2 – second floor) ,34/202D ( 295.47m2 -Third floor) എന്നിങ്ങനെ നമ്പർ അനുവദിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന് 20/6/17 ന് സെക്രട്ടറി occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ( ഫയൽ നമ്പർ A4/7422/17 dt.14/6/17) ടി ഫയലിൽ എഞ്ചിനിയറിംഗ് വിഭാഗം പരിശോധന നടത്തുയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. (ക്രമവൽക്കരണം A4/6528/12 dt 16/6/17) പ്ലാനുകളിൽ എഞ്ചിനിയിറിങ് വിഭാഗത്തിന്റെ മുദ്രകളോ മറ്റോ ഇല്ല. നിലം ഭൂമിയിൽ സെക്രട്ടറിയുടെ 16/6/17 ലെ PW2-7422/17 നമ്പർ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്പർ അനുവദിച്ചിട്ടുള്ളത്.

മേൽ സൈറ്റ് ഇൻസ്പെക്ഷന് റിപ്പോർട്ട് 2008 ലെ Kerala paddy conservation act, cir.No 4545/RA1//11/LSGD dt 22/1/2011 എന്നിവയുടെ അടിസ്ഥാനത്തിലാണ് എന്ന് ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലർ പ്രകാരം വാസഗൃഹങ്ങൾക്കാണ് അനുമതി നൽകാവുന്നത്. മാത്രമല്ല റവന്യൂ, കൃഷി വകുപ്പ് പ്രധിനിധികൾ നിർബന്ധമായും ഉള്ള കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നത്. എന്നാൽ ഈ കെട്ടിടം സ്കൂൾ കെട്ടിടം ആണ്. സെക്രട്ടറി സ്വന്തം നിലക്ക് റിപ്പോർട്ട് തയ്യാറാക്കി 1181.88 m2 വിസ്തീർണ്ണമുള്ള നാല് നില കെട്ടിടത്തിന് നമ്പർ അനുവദിച്ചത് ക്രമപ്രകാരമല്ല. (മുൻപ് മേൽ ഉടമയുടെ തന്നെ 192/6,7 സർവ്വേ നമ്പർ സ്ഥലത്ത് മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിന്4545/RA1//11/LSGD dt 22/1/2011 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമില്ല എന്ന് കാണിച്ച് 30.04.2012ൽ ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമോ നൽകിയതായും കാണുന്നു)

(B) Aൽ പരാമർശിച്ച പ്രകാരം തന്നെ സർവ്വേ നം. 95/1-3പ്രകാരമുള്ള 5.6Ars നിലം ഭൂമിയിൽ ശ്രീ. ഹസ്സൻ മുട്ടിച്ചിറക്കൽ എന്നവർക്ക് 38/269B കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നുണ്ട്. ഫയൽ നമ്പർ PW2-7568/17 തി.21.06.17 പ്രകാരം 121.27ച.മീ വിസ്തീർണ്ണമുള്ള പശു വളർത്തൽ ഫാം കെട്ടിടത്തിനാണ് നമ്പർ അനുവദിച്ച് കാണുന്നത്. മേൽ ഫയലിലും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലോ റിപ്പോർട്ടോ ഇല്ല.

(C) Aൽ പരാമർശിച്ച പ്രകാരം തന്നെ ശ്രീ. അബ്ദുറസാഖ് മൂലത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള സർവ്വേ നം. 61/1 പ്രകാരമുള്ള 1.44 സെന്റ് നിലം ഭൂമിയിൽ 28.88ച.മീ വിസ്തീർണ്ണമുള്ള സംഭരണ കെട്ടിടം നിർമ്മിച്ചതിന് സെക്രട്ടറിയുടെ 03.06.2017ലെ PW2-6932/2015 സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 23/512D കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. മേൽ ഫയലിലും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലോ റിപ്പോർട്ടോ ഇല്ല.

2. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലോ റിപ്പോർട്ടോ ഇല്ലാതെ കെട്ടിട നമ്പറുകൾ/ഒക്കുപ്പൻസി അനുവദിച്ചു

ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലോ റിപ്പോർട്ടോ ഇല്ലാതെ ചുവടെ ചേർത്ത കെട്ടിട നമ്പറുകൾ/ഒക്കുപ്പൻസി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഫയൽ നമ്പർ | അപേക്ഷകൻ/കെട്ടിട ഉടമ | കെട്ടിടത്തിനറെ തരം/ വിസ്തീർണ്ണം | ഒക്കുപ്പൻസി അനുവദിച്ച തിയതി |
|---|---|---|---|---|
| 1 | PW2-719/18/17.01.18 | കരുമാട്ട് ഗോപിനാഥൻ | വാണിജ്യം, 240.81ച.മീ | 18.01.2018 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | PW2-15334/21.02.17 | കരുമാട്ട് ഗോപിനാഥൻ | വാണിജ്യം, 374.72ച.മീ | 03.01.2018 |
| 3 | A4/6932/17/01.06.17 | അബ്ദുറസാഖ് മൂലത്തിൽ | സംഭരണം, 28.88ച.മീ | 14.06.17 |
| 4 | PW2-1851/18/06.02.18 | കണ്ണങ്ങാട്ട് പള്ളിക്കൽ മൊയ്തീൻകുട്ടി ഹാജി, മക്കൾ നൗഷാദ് മുതൽ പേർ | വാണിജ്യം, 303.64ച.മീ | 06.02.18 |
| 5 | PW2-14784/17/07.12.17 | അബ്ദുൽ റഷീദ് ഹാജി, സൈനബ | വാണിജ്യം, 1422.42ച.മീ | 05.04.18 |
| 6 | A4-18390/15/25.11.15 | മൂസ ഹാജി & അലി മണ്ണിൽകുറിക്കൽ | വാണിജ്യം, 285.96ച.മീ | 31.01.18 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 33/19.10.2020 ന് 22-10-20 ന് അസിസ്റ്റന്റ് എഞ്ചിനീയർ ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച ഫയലുകൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടില്ലാത്തതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമപ്രകാരമല്ലാതെയും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന ഇല്ലാതെയും ബഹുനില കെട്ടിടങ്ങൾ ഉൾപ്പടെയുള്ളവക്ക് ഒക്കുപ്പൻസി നൽകിയത് ഭാവിയിൽ ദുരന്തങ്ങൾക്ക് വരെ കാരണമാകാവുന്നതാണ്. ആയതിനാൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും സർക്കാരിൽ നിന്നും ക്രമവൽക്കരണ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ചെമ്പയിൽത്താഴം കുടിവെള്ള വിതരണ പദ്ധതി - പൊതു ആസ്തികൾ സംരക്ഷിക്കുന്നതിലെ വീഴ്ചകൾ

നഗരസഭയിലെ 29, 31 ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന ചെമ്പയിൽത്താഴം കുടിവെള്ളവിതരണ പദ്ധതി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽഓവറായി തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരിച്ചതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. 2018-19 ൽ പദ്ധതിക്കായി SO 166/19 നമ്പർ പ്രോജക്ടിൽ 20000 ലിറ്റർ കപ്പാസിറ്റിയിൽ 6 മീറ്റർ ഉയരത്തിൽ ആർ സി സി ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ പൈപ്പ് ലൈൻ, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കാൻ 10 ലക്ഷം രൂപ വകയിരുത്തി. ആർ സി സി ടാങ്ക് നിർമ്മാണത്തിന് പ്രതീക്ഷിച്ചതിലും അധിക ചെലവ് വന്നതിനാൽ പമ്പ് ഹൗസ് സ്ഥാപിക്കൽ ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കി 992947 രൂപ ചെലവഴിച്ച് ടാങ്ക് നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കുടിവെള്ള സ്രോതസ്സിനായി ഓപ്പൺ കിണർ മുൻ വർഷത്തിൽ നിർമ്മിച്ചതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും തുക വിനിയോഗം, ജലലഭ്യത, ഗുണഭോക്തൃ കുടുംബങ്ങൾ സംബന്ധിച്ച വിശദാംശമില്ല. പ്രോജക്ട് നമ്പർ 259/19 ൽ പദ്ധതി പൂർത്തീകരണത്തിനായി തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തിയത് തൻവർഷം ചെലവഴിച്ചിട്ടില്ല.

പ്രവൃത്തിയുടെ നിർമ്മാണ സ്ഥലം നേരിട്ട് പരിശോധിക്കുകയും തുടർ നടത്തിപ്പിനായി ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുത്ത കമ്മറ്റി കൺവീനറെ കേൾക്കുകയും ചെയ്തതിൽ നിന്നും 2019-20 ൽ പദ്ധതി പ്രവർത്തനക്ഷമമാക്കി 73 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതായി അറിഞ്ഞു. പദ്ധതി നടത്തിപ്പിനുള്ള കൺവീനറായി പ്രവർത്തിക്കുന്ന ശ്രീ.എം എൻ ഹംസക്കുട്ടിതന്നെയാണ് (ഡിവിഷൻ 31 ൽ) കിണർ നിർമ്മിക്കാൻ സ്ഥലം വിട്ടുനൽകിയതെന്നും അറിയിച്ചു. കിണർ, പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന പ്രദേശം അതിർത്തി തിരിച്ച്, ബോർഡ് സ്ഥാപിച്ച് സംരക്ഷിച്ചിട്ടില്ല. കിണറിൽ നിന്നും സ്വകാര്യവ്യക്തികൾ സബ്മേഴ്സിബിൾ മോട്ടോർ പമ്പ് ഉപയോഗിച്ച് വെള്ളം ശേഖരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലം പരിശോധിച്ചതിൽ നിന്നും പൊതു ആവശ്യത്തിനായി വിട്ടുനൽകിയ പ്രസ്തുത സ്ഥലം ലാൻഡ് റിലിങ്കിഷ് മെന്റ് പ്രോസസിലൂടെ സർക്കാർ പുറമ്പോക്ക് ഭൂമിയായി പ്രഖ്യാപിക്കാനോ തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യാനോ നടപടി സ്വീകരിച്ചിട്ടില്ലായെന്നും വ്യക്തമാകുന്നു.

പദ്ധതി നടത്തിപ്പിനുള്ള കമ്മറ്റിയുടെ ചെയർമാനായ ശ്രീ.കെ ടി അബു ഹാജിയാണ് (ഡിവിഷൻ 29 ൽ) കുടിവെള്ള ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം വിട്ടുനൽകിയത്. ഇവിടെയും ലാൻഡ് റിലിങ്കിഷ് മെന്റ് പ്രോസസിലൂടെ സർക്കാർ പുറമ്പോക്ക് ഭൂമിയായി പ്രഖ്യാപിക്കാനോ തദ്ദേശഭരണസ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യാനോ നടപടി സ്വീകരിച്ചിട്ടില്ലായെന്നും വ്യക്തമാണ്. സ്ഥലം പൊതു ആവശ്യത്തിന് സൗജന്യമായി നൽകിയ വ്യക്തിയുടെ കോമ്പൗണ്ടിനകത്താണ് ഇപ്പോഴും ടാങ്ക് സ്ഥിതിചെയ്യുന്നത്. കുടിവെള്ള ടാങ്ക്, കിണർ, പമ്പ്ഹൗസ് പ്രദേശം സന്ദർശിച്ചാൽ പൊതുഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ചതാണ് പ്രസ്തുത ആസ്തികളെന്ന് വ്യക്തമാകുന്ന തെളിവുകൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. സ്വകാര്യവ്യക്തികൾ യാതൊരു

അനുമതിയുമില്ലാതെ കുടിവെള്ള സ്രോതസ്സിൽ നിന്നും നേരിട്ട് വെള്ളം ശേഖരിക്കുന്നത് നിലവിലുള്ള ഗുണഭോക്താക്കൾക്കുള്ള വിതരണത്തെ പ്രതികൂലമായി ബാധിക്കാനും സാധ്യതയുണ്ട്.

റോഡ്, കെട്ടിടം, കുടിവെള്ള പദ്ധതി തുടങ്ങി പൊതു ആവശ്യത്തിനായി വ്യക്തികൾ വിട്ടുനൽകുന്ന ഭൂമി നിയമപരമായ പ്രക്രിയയിലൂടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടി പൂർത്തിയാക്കി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലുള്ള വീഴ്ച നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

ആസ്തികൾ കേരള മുനിസിപ്പൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം യഥാവിധി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് റവന്യൂ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (28/2020 തീയതി 16.10.2020) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയത്. നഗരസഭ സ്വീകരിച്ച നടപടികൾ തുടർ മറുപടിയിൽ വിശദീകരിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -ടെൻഡർ നടപടികൾ കാര്യക്ഷമമാക്കണം

വാർഷിക പദ്ധതിയിൽ വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് ഉൾപ്പെടെ 6.48 കോടി അടങ്കൽ വരുന്ന 160 പ്രോജക്ടുകളാണ് അസി.എഞ്ചിനീയർക്ക് പൊതുമരാമത്ത് പ്രവൃത്തികളായി നിർവ്വഹണ ചുമതലയുണ്ടായിരുന്നത്. ഇതിൽ 2.90 കോടി വിനിയോഗിച്ച് 113 പ്രോജക്ടുകളാണ് തൻവർഷം നടപ്പിലായത്. ഏതാനും പ്രവൃത്തികൾ പൂർത്തിയാക്കി ക്യൂബില്ലായി തുടർന്നുള്ള വർഷത്തിലാണ് ചെലവ്. ആകെ അടങ്കലിന്റെ 44.75 ശതമാനമാണ് തൻവർഷം ചെലവഴിച്ചത്. 2018-19 ൽ സ്പിൽഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തിയിരുന്ന 216/19 കുംഭംകടവ് മിനി കുടിവെള്ള പദ്ധതി കിണർ നിർമ്മാണം (അടങ്കൽ 4.5 ലക്ഷം), 217/19 മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം (അടങ്കൽ 17.13 ലക്ഷം), 232/19 മാലിന്യ സംസ്കരണ പ്ലാന്റ് ഉയർത്തൽ (അടങ്കൽ 4ലക്ഷം), 233/19 മാലിന്യ സംസ്കരണ പ്ലാന്റ് റോഡ് നിർമ്മാണം, GLPS തിരൂരങ്ങാടി ടോയ്‌ലറ്റ് നിർമ്മാണം (അടങ്കൽ 10ലക്ഷം) തുടങ്ങിയവ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭ്യമായ മനുഷ്യ വിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ കൗൺസിലിന്റെ മേൽനോട്ടം ശക്തിപ്പെടുത്തേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട മറ്റുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1.ഇ-ടെൻഡർ വ്യാപിപ്പിച്ച് കൂടുതൽ മത്സരാധിഷ്ഠിതമാക്കാൻ നടപടി സ്വീകരിച്ചില്ല

ടെൻഡർ നടപടികളിൽ കൂടുതൽ കരാറുകാരുടെ പങ്കാളിത്തം ഉറപ്പാക്കാനും കൂടുതൽ സുതാര്യത ഉറപ്പുവരുത്താനും ബോധപൂർവ്വമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്ന് കാണുന്നു. ഭൂരിപക്ഷം പ്രവൃത്തികളും രണ്ട് കരാറുകാർ പങ്കെടുത്ത് എസ്റ്റിമേറ്റ് റേറ്റിൽ പ്രവൃത്തി അവാർഡ് ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. 5 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ടെൻഡർ മുഖേനയോ സാധാരണ ടെൻഡർ മുഖേനയോ നടപ്പിലാക്കാനുള്ള തീരുമാനം സ്ഥാപനത്തിന് സ്വീകരിക്കാവുന്നതിനാൽ സാധാരണ ടെൻഡർ തന്നെയാണ് നടപ്പിലാക്കുന്നത്. കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് നടത്തുന്ന പ്രവൃത്തികളുടെ വീതം വെപ്പ് തടയുന്നതിന് നിയമപരമായ പരിമിതികളുണ്ടെങ്കിലും ഇത് തടയാനും കരാറുകാരുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കാനും ഇ-ടെൻഡർ നടപടി വ്യാപിപ്പിക്കുന്നത് പരിഗണിക്കേണ്ടതാണ്.

5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ നിർബന്ധമായും ഇ-ടെൻഡർ മുഖേന നടപ്പിലാക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഇ-ടെൻഡർ നടപടി ഒഴിവാക്കാനുള്ള പ്രവണത നിലനിൽക്കുന്നതായി കാണുന്നു. പ്രോജക്ട് നമ്പർ S0133/19: ചെറായിത്തോട് നവീകരണം, S0135/19: തോട് നവീകരണം എന്നിവ ഒരു തോടിന്റെ പാർശ്വഭിത്തി നിർമ്മാണം ഒരേ ചെയ്നേജിൽ നിർവ്വഹിച്ചതാണെന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായതാണ്. 3.5 ലക്ഷം രൂപ വീതം അടങ്കൽ വരുന്ന മേൽ പ്രവൃത്തികൾ രണ്ട് എസ്റ്റിമേറ്റാക്കി ടെൻഡർ ചെയ്തതിലൂടെ ഇ-ടെൻഡർ നടപടി ഒഴിവായി. ഒരേ കരാറുകാരന് തന്നെ പ്രസ്തുത പ്രവൃത്തികൾ ലഭിക്കുകയും ചെയ്തു. S0190/19, S0207/19 എന്നീ പ്രോജക്ടുകളിൽ പാറപ്പുറം ജംങ്ഷൻ വരെയുള്ള 560 മീറ്റർ റീടാറിംഗും ജംങ്ഷന് ശേഷം 800 മീറ്റർ കഴിഞ്ഞ് (പാറപ്പുറം മുഹമ്മദ് ബഷീർ റോഡ്) 150 മീറ്റർ റീടാറിംഗും തുടർന്ന് 102 മീറ്റർ മണ്ണിട്ടുയർത്തി റീടാറിംഗിനുമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി നടപ്പിലാക്കിയത്. 4.95 ലക്ഷം രൂപ വീതം വരുന്ന പ്രവൃത്തികൾ ഒരു എസ്റ്റിമേറ്റാക്കി നിർവ്വഹിക്കാവുന്നതായിരുന്നു. നിയമപരമായ എൽ എസ് പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാൽ 5 ലക്ഷത്തിന് മുകളിൽ വരുന്ന പ്രവൃത്തികളായിരുന്നു പ്രോജക്ട് നമ്പർ 149/19, 183/19, 237/19, 243/19 എന്നിവ (അടങ്കൽ 4.95 ലക്ഷം) മത്സരാധിഷ്ഠിത ടെൻഡറുകളുടെ അഭാവം, ഇ-ടെൻഡർ നടപടി നടപ്പിലാക്കുന്നതിലെ ജാഗ്രതയില്ലായ്മ എന്നിവയിലൂടെ ടെൻഡർ സേവിംഗ്സ് നഷ്ടപ്പെടുന്നുണ്ട്.

2.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി

പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ ഈ നിർദ്ദേശം ആവർത്തിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശവും നിലനിൽക്കുകയാണ്.

3. ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ നടക്കുമ്പോൾ പ്രവൃത്തിയുടെ പേര്, വർഷം, അടങ്കൽ തുക, പ്രവൃത്തിയിനങ്ങൾ, ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ അളവ് തുടങ്ങിയ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയതിന്റെ തെളിവുകളില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി പ്രദർശിപ്പിക്കാൻ നിർദ്ദേശമുള്ളതാണ്. ഡിസ്‌പ്ലേ ബോർഡുകൾ സ്ഥാപിക്കാൻ ആവശ്യമായ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവഴിക്കാവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾ നടക്കുമ്പോഴും ശേഷവും നിർദ്ദേശിക്കപ്പെട്ട ബോർഡുകൾ നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്.

4.മോണിറ്ററിംഗ് ഫലപ്രദമാക്കണം

പ്രോജക്ട് മോണിറ്ററിംഗ് നടത്തേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാകുമ്പോൾ വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറാക്കാൻ ഭരണ സമിതിക്ക് തീരുമാനിക്കാവുന്നതാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും സമർപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

5.കാഷ് ബുക്ക്, ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

2018-19 ൽ ഡിസംബർ മുതലാണ് TR7 കാഷ് ബുക്ക് സൂക്ഷിക്കുന്നത്. അതാത് മാസത്തേയും വർഷാവസാനത്തേയും വരവ് ചെലവിന്റെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ബുക്കിൽ രേഖപ്പെടുത്തുന്ന അനുബന്ധ വൗച്ചറിന്റെ അനുബന്ധ നമ്പർ ഫയലിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഈ സാഹചര്യത്തിൽ ചെലവ് പത്രികയെ അടിസ്ഥാനമാക്കിയാണ് പദ്ധതി ചെലവിന്റെ പരിശോധന നടത്തിയത്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ പാലിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (30/2020 തീയതി 19.10.2020) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയത്. തുടർ ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

## 1-20 ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് - സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രൊജക്ടിൻ കീഴിൽ, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുഴുവൻ തുകയും നൽകിയിട്ടില്ല.

പ്രോജക്ടിനു വേണ്ടി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക |
|---|---|---|---|
| 107/18-19 | വികസന ഫണ്ട്- | 1250000 | 1250000 (ബിൽ നമ്പർ : 08/18-19 തിയ്യതി 25.01.2019) |

മേൽ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ശാരീരിക വെല്ലുവിളികൾ നേരിടുന്ന 47പേർക്കും, മാനസിക വെല്ലുവിളികൾ നേരിടുന്ന 104 പേർക്കുമാണ് സ്കോളർഷിപ്പ്, ബത്ത നൽകിയിട്ടുള്ളത്. എന്നാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ തുകയാണ് ഓഡിറ്റ് വർഷത്തിൽ നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്നതും, 2018-19 വർഷത്തിൽ നഗരസഭയിൽ നിന്നും നൽകിയതുമായ സ്കോളർഷിപ്പ്, ബത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക

| ക്രമ നമ്പർ | പഠിക്കുന്ന ക്ലാസ്സ് | ഒരു വിദ്യാർത്ഥിക്ക് നൽകാവുന്ന തുക | ഒരു വിദ്യാർത്ഥിക്ക് നൽകിയ തുക | കുറവ് (വാർഷികം) | വിദ്യാർത്ഥികളുടെ എണ്ണം | ആകെ കുറവ് |
|---|---|---|---|---|---|---|
| 1 | 1-4 /നഴ്സറി | 5300 | 4800 | 500 | 12 | 6000 |
| 2 | 5-8 | 6600 | 6000 | 600 | 16 | 9600 |
| 3 | 9,10,+1,+2 | 8000 | 7200 | 800 | 16 | 12800 |
| 4 | Degree | 10600 | 9116 | 1484 | 2 | 2968 |
| 5 | PG | 13500 | 9156 | 4344 | 1 | 4344 |
| | | | | | | 35712 |

മാനസിക വെല്ലു വിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹതക്കനുസരിച്ച് പരമാവധി 28,500 രൂപ വരെ പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം അർഹമായ തുക നൽകാതെ എല്ലാവർക്കും പ്രതിവർഷം 9116/- രൂപ നിരക്കിലാണ് തുക നൽകിയത്. ഇതുമൂലം ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കാൻ അർഹതയുണ്ടായിരുന്ന തുക പൂർണ്ണമായി ലഭിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 17/14.10.2020 ന് സ്കോളർഷിപ്പിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്നും തുകയുടെ അപര്യാപ്തതയാണ് സർക്കാർ നിർദ്ദേശിച്ച നിരക്കിലുള്ള തുക നൽകാൻ കഴിയാത്തതിനു കാരണമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളതിനാൽ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള തുക നൽകുന്നതിന് ആവശ്യമായ തുക കണക്കാക്കി പ്രൊജക്ടിൽ വകയിരുത്തേണ്ടതും അർഹമായ തുക ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-21 നെൽകൃഷി കൂലിച്ചെലവിനത്തിൽ അധികം തുക നൽകിയത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ : അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ

പ്രോജക്റ്റ് നമ്പർ : 06/19 - സമഗ്ര നെൽകൃഷി വികസനം (പട്ടികജാതി വനിത)

അടങ്കൽ : 879655/- (വികസനഫണ്ട് - എസ് സി പി)

ചെലവ് : 775000/-

1. ബിൽ നമ്പർ : 03/18-19/02.03.2019( 93000/-)

2. ബിൽ നമ്പർ : 04/18-19/19.03.2019( 155000/-)

3.ബിൽ നമ്പർ : 05/18-19/19.03.2019( 527000/-)

നെൽകൃഷിക്ക് കൂലിച്ചെലവ്, നെൽവിത്ത്, വളം എന്നിവക്ക് തുക നൽകുക എന്നതാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതി പ്രകാരം നഗരസഭയിലെ 28 പട്ടികജാതി വനിതകൾക്ക് മേൽ ബില്ലുകൾ വഴി ആനുകൂല്യം നൽകിയിട്ടുണ്ട്.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) ഖണ്ഡിക 6.1 ൽ ക്രമ നമ്പർ 6 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവിനത്തിൽ പരമാവധി നൽകാവുന്ന തുക ഹെക്ടറിന് 17000/- രൂപയാണ്. എന്നാൽ ബിൽ നമ്പർ 3 പ്രകാരം തുക അനുവദിച്ചതിൽ അനുവദനീയമായതിൽ കൂടുതൽ തുക ഗുണഭോക്താക്കൾക്ക് നൽകിയതായി കണ്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അപേക്ഷ പ്രകാരം കൃഷി ചെയ്ത വിസ്തീർണ്ണം (ഏക്കറിൽ) | ബിൽ നമ്പർ/ തിയ്യതി | നൽകാവുന്ന സബ്സിഡി തുക | നൽകിയ സബ്സിഡി തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ചന്ദനം പറമ്പത്ത് കുഞ്ഞാടിച്ചി | 2.5 | ബിൽ നമ്പർ : 05/18-19/19.03.2019(527000/-) | 17000 | 23800 | 6800 |
| 2 | തങ്കം ഉപ്പിണിപ്പുറത്ത് | 1.5 | | 10200 | 17000 | 6800 |
| 3 | റീന ഉപ്പിണിപ്പുറത്ത് | 2 | | 13600 | 17000 | 3400 |
| 4 | സുജാത ചന്ദനം പറമ്പത്ത് | 3 | | 20400 | 30600 | 10200 |
| 5 | റീജ നായരു വീട്ടിൽപടി | 2 | | 13600 | 34000 | 20400 |
| 6 | വിലാസിനി കളത്തിൽ പടി | 4 | | 27200 | 30600 | 3400 |
| 7 | രമ്യ കളത്തിൽപടി | 4 | | 27200 | 30600 | 3400 |
| 8 | സരോജിനി നായരു വീട്ടിൽ പടി | 2.5 | | 17000 | 23800 | 6800 |
| 9 | ബിന്ദു കളത്തിൽ കണ്ടി | 2 | | 13600 | 14280 | 680 |
| | | 755px | | | | 61880 |

സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/08.10.2020) ന് പാട്ടത്തിന് കൃഷി ചെയ്യുന്ന കർഷകർ ആയതിനാൽ കൃഷി ചെയ്യുന്ന ഭൂമിയുടെ ഏകദേശ കണക്കാണ് അപേക്ഷയിൽ കാണിച്ചതെന്നും, സർവ്വേ നടത്തി യഥാർത്ഥത്തിൽ കൃഷി ചെയ്ത ഭൂമിയുടെ അളവിനാണ് കൂലിച്ചെലവ് നൽകിയതെന്നും മറുപടി നൽകി. ആനുകൂല്യത്തിനായി കർഷകർ കൃഷി ചെയ്ത ഭൂമിയുടെ അളവ് രേഖപ്പെടുത്തിയത് തിരുത്തുകയോ സർവ്വേ പ്രകാരമുള്ള അളവ് കർഷകർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഭൂമിയുടെ ഉടമസ്ഥന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 61880/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു

2018-19 വർഷത്തിൽ പ്രിൻസിപ്പാൾ, തിരൂരങ്ങാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

1. <u>പ്രോജക്ട് നമ്പർ 53/19 എസ് എസ് എ പദ്ധതിക്ക് തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം</u>

ഫണ്ടിനം: വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 2500000/-

ചെലവ് : 2500000/- (ബിൽ നമ്പർ : 04/18-19/12.03.2019)

പ്രോജക്റ്റ് പ്രകാരം എസ് എസ് എ മലപ്പുറം ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക്, തദ്ദേശ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ 2500000/- രൂപ ബിൽ പ്രകാരം മാറിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. <u>പ്രോജക്റ്റ് നമ്പർ 21/19 10ാം തരം തുല്യത</u>

ചെക്ക് നമ്പർ : 2110321/22.03.2019 (44000/-)(തനത്)

ചെക്ക് നമ്പർ : 2110552/25.03.2019 (33000/-)(ഗു. വിഹിതം)

മേൽ പ്രോജക്റ്റിനായി പഠിതാക്കളുടെ കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകുന്നതിനായി തനത് ഫണ്ടിനത്തിൽ 50000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഒരു പഠിതാവിന് 1000/-രൂപ വീതം 44 പഠിതാക്കൾക്ക് 44000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. പ്രോജക്റ്റിൽ നിഷ്കർഷിക്കാതെ തന്നെ 750/-രൂപ വീതം 33000/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. ടി തുകകൾ മേൽ ചെക്കുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. തുകകൾ സാക്ഷരതാ മിഷന് നൽകിയതിന്റെ കൈപ്പറ്റ വിവരം ലഭ്യമാക്കേണ്ടതാണ്.

അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.10.2020 ) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ലഭ്യമാക്കുന്നതു വരെ ചെലവു തുക (2577000/- = 2500000 + 77000) തടസ്സത്തിൽ വെക്കുന്നു.

## 1-23 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയതിൽ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ , തിരൂരങ്ങാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ

പ്രോജക്റ്റ് : 157/19 കായിക പരിശീലനവും, ഉപകരണങ്ങൾ നൽകലും

അടങ്കൽ : 400000/- (തനത് ഫണ്ട്)

ചെലവ് : 97930/- ( ചെക്ക് നമ്പർ : 2110560/29.03.2019)

മേൽ പ്രോജക്റ്റ് പ്രകാരം 19 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെയാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തത്.

പദ്ധതി നിർവ്വഹണത്തിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനം ലഭ്യമാക്കിയ ബിൽ പ്രകാരമുള്ള മുഴുവൻ സ്പോർട്സ് ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

2. ബിൽ പ്രകാരം ലഭ്യമായ ഉപകരണങ്ങളിൽ താഴെ പറയുന്ന ഇനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകളില്ല.

| ക്രമ നമ്പർ | ഇനം | ബിൽ പ്രകാരം ലഭ്യമാക്കിയ എണ്ണം | വിതരണ രേഖകൾ പ്രകാരം വിതരണം ചെയ്ത എണ്ണം | വിതരണം ചെയ്യാതെ അവശേഷിക്കുന്നവ | വിതരണം ചെയ്യാതെ അവശേഷിക്കുന്നവയുടെ വില( including tax) |
|---|---|---|---|---|---|
| 1 | Football | 52 | 49 | 3 | 1740.48 |
| 2 | Boot | 34 | 28 | 6 | 2859.60 |
| 3 | Socks | 16 | 10 | 6 | 403.20 |
| | | | | | 5003.28 |

മേൽ ഇനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/വിതരണം ചെയ്യാതെ അവശേഷിക്കുന്നുവെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണ്.

3. മേൽ പ്രോജക്ട്, 2017-18 വർഷത്തിലെ 202/18 എന്ന പ്രോജക്ട് സ്പിൽ ഓവറായി 18-19 വർഷത്തിൽ നടപ്പിൽ വരുത്തിയതാണ്. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തിയതി. 03.04.2017) ഖണ്ഡിക 32.10 പ്രകാരം ഒരു ക്ലബ്ബിന് 2000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് അനുമതിയുള്ളത്. 2018-19 വർഷത്തിലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആയത് 4000/- രൂപയായും പിന്നീട് 811/2018 lsgd തിയ്യതി 26.03.2018 പ്രകാരം 5000/- രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലും അധികരിച്ചാണ് ക്ലബ്ബുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ലബ്ബ് | അനുവദിച്ച സ്പോർട്സ് ഉപകരണങ്ങളുടെ വില |
|---|---|---|
| 1 | C For welfare association, Karumbil | 4693.78 |
| 2 | Thazhechina youth recreation and cultural form tirurangadi | 4925.88 |
| 3 | Boys of valayar arts and spots club karumbil | 4951.38 |
| 4 | Yuvakala Samithi, Kodimaram | 5041.89 |
| 5 | TATAS club K C Road Tirurangadi | 4909.94 |
| 6 | Udaya Sports and Arts club, Chullippara | 4883.2 |
| 7 | Sahrdaya arts and sports club, Chullippara | 4934.72 |
| 8 | Mythree sports and welfare club, Karumbil | 4793.72 |
| 9 | New Lucky star arts and sports club, Pantharangadi | 5714.24 |
| 10 | Golden eagles united Arts and Sports club , Pathinarungal | 4260.48 |
| 11 | New Challange Arts and Sports club,Pallippadi | 5715.08 |
| 12 | Young Star Arts and Sports Club, C K Nagar, Chemmad | 4683.84 |
| 13 | Bodhi sargavedi, Parappuram, Pantharangadi | 4199.98 |
| 14 | Town team Arts and Sports Club, Kakkad | 4958.24 |
| 15 | Benevolent Arts and Sports club, Kakkad | 5076.68 |
| 16 | Winners Arts and sports Club | 4842.3 |
| 17 | Youva saradhi Arts and Sports Club, Karipparamba | 4344.54 |
| 18 | Winners arts and sports club, kakkad | 4946.08 |
| 19 | Jimkhana Sporting club, Kodimaram. | 4803.8 |

സബ്സിഡി മാർഗ്ഗരേഖയിലും അധികരിച്ച് തുക നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16 /14.10.2020) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതാണെന്നും മുഴുവൻ ഇനങ്ങളും വിതരണം ചെയ്തതാണെന്നും ആയതിന്റെ കൈപ്പറ്റ രശീതി ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 5000/- രൂപയിലധികരിച്ച തുകക്കുള്ള സ്പോർട്സ് സാമഗ്രികൾ നൽകിയത് മികച്ച ക്ലബ്ബുകളായതിനാലാണെന്നും മറുപടി നൽകി. സർക്കാർ മാർഗ്ഗരേഖയിലധികരിച്ച് തുക ചെലവഴിക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനാൽ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ രശീതി എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 97930 /- തടസ്സത്തിൽ വെക്കുന്നു.

## 1-24 പ്രിൻസിപ്പാൾ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ -പൊതു അപാകതകൾ

2018-19 വർഷത്തിൽ പ്രിൻസിപ്പാൾ, തിരൂരങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവു വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. <u>പ്രോജക്ട് നമ്പർ 105/19 സർക്കാർ സ്കൂളുകളിൽ ലൈബ്രറികൾ സ്ഥാപിക്കൽ</u>

ഫണ്ടിനം: ധനകാര്യ കമ്മീഷൻ അവാർഡ്

അടങ്കൽ : 500000/-

ചെലവ് : 496330/- (ബിൽ നമ്പർ : 01/18-19/15.11.2018)

സ്കൂളുകളിൽ ലൈബ്രറികൾ സ്ഥാപിക്കൽ എന്ന മേൽ പ്രോജക്ട് പ്രകാരം 6 സർക്കാർ സ്കൂളുകളിലേക്കായി 12105.62 (10259 + 18% GST) രൂപയുടെ 41 ബുക്ക് ഷെൽഫുകളാണ് വാങ്ങി നൽകിയത്.

പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ സിഡ്കോയിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യുകയാണ് ചെയ്തത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ടിൽ 33-ാ മത്തെ ഇനമായി വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ല.

ലഭ്യമാക്കിയ ലൈബ്രറി ഷെൽഫുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

2. <u>പ്രോജക്ട് നമ്പർ 258/19 ജി എച്ച് എസ് എസ് തിരൂരങ്ങാടി ലാബ് നവീകരണം</u>

അടങ്കൽ : 500000/-(തനത് ഫണ്ട്)

ചെലവ് : 488200/-(ചെക്ക് നമ്പർ : / 2110318/20.03.2019)

മേൽ പ്രോജക്ട് പ്രകാരം ലാബ് മേശകളും ഷെൽഫുകളും ആർട്കോയിൽ നിന്ന് പർച്ചേസ് ചെയ്തത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. പ്രോജക്ട് പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.10.2020) സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 984530/- (496330+ 488200) രൂപ തടസ്സത്തിൽ വെക്കുന്നു. പ്രോജക്ടിൽ നിഷ്കർഷിച്ചതുപോലെ പദ്ധതി നിർവ്വഹണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. പർച്ചേസ് ചെയ്യേണ്ടുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ പ്രോജക്ടിൽ തന്നെ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ജി എസ് ടി - ടിഡി എസ് ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, തിരൂരങ്ങാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ

പ്രോജക്ട് : 104/ 2019 സ്കൂളുകൾക്ക് പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം വാങ്ങൽ

ഫണ്ടിനം : ധനകാര്യ കമ്മീഷൻ അവാർഡ്

അടങ്കൽ : 361899

ചെലവ് : 361899 /- (ബിൽ നമ്പർ : 3/18-19/ 18.12.2018)

കേന്ദ്ര ധനകാര്യമന്ത്രാലയം റവന്യൂ വകുപ്പിന്റെ 13.09.2018 മുതൽ 50/18 Central tax വിജ്ഞാപന പ്രകാരം 01.10.2018 മുതൽ നൽകുന്ന തുകയിൽ (GST ഒഴികെയുള്ള തുക) നിന്നും TDS കിഴിവ് നടത്തണം. സ്ഥാപനങ്ങളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ ചരക്കുകൾ വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്യുന്നതിന് പൂർണ്ണമായോ ഭാഗികമായോ തുക നൽകുമ്പോൾ ജി എസ്. ടി ഉൾപ്പെടുത്താതെ രണ്ടരലക്ഷം അധികരിച്ചാൽ 2% (CGST 1% + SGST 1%) TDS ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്.

മേൽ പ്രോജക്ട് പ്രകാരം പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം ലോവസ്റ്റ് ടെണ്ടർ സമർപ്പിച്ച എസ് കെ അസോസിയേറ്റ്സിൽ നിന്നും വാങ്ങി വിവിധ സർക്കാർ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ടി പർച്ചേസിനായി ടാക്സ് ഒഴികെ 306694/- രൂപയും ടാക്സിനത്തിൽ 55204.92/- രൂപയും എസ്. കെ അസോസിയേറ്റ്സിന് നൽകി. എന്നാൽ GST – TDS ഇനത്തിൽ തുക കിഴിവു ചെയ്യാതെയാണ് തുക നൽകിയത്.

GST-TDS കിഴിവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12 /12.10.2020 ) ഇനി വരുന്ന പർച്ചേസുകളിൽ നിന്നും GST-TDS കുറവ് ചെയ്യുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഒരേ സ്പെസിഫിക്കേഷനോട് കൂടിയുള്ള ഫർണിച്ചറുകൾക്ക് വ്യത്യസ്ത വില ഈടാക്കി

പ്രോജക്ട് : 103/19 സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ

ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ : 1000000/-

ചെലവ് : (990542/-) (ബിൽ നമ്പർ : 02/18-19/11.12.2018)

പ്രിൻസിപ്പാൾ, തിരൂരങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 4 സർക്കാർ സ്കൂളുകളിലേക്ക് 88 ബെഞ്ചും ഡെസ്കും സിഡ്കോയിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. മൂന്നു ബില്ലുകളിലായാണ് ഇവ സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | ബിൽ വഴി വാങ്ങിയ ഇനങ്ങൾ | ഇനങ്ങളുടെ സ്പെസിഫിക്കേഷൻ | റേറ്റ് | എണ്ണം |
|---|---|---|---|---|---|---|
| 1 | CELLKKD/18-19/70 | 11.09.2018 | Steel frrame Bench with steel top & back Rest powder coating (16G) | 75"*12"*18" | @4474 | 38 |
| 2 | | | Steel Frame Desk with steel to & shelf with powder coating (18G) | 75"*15"*30" | @5085 | 38 |
| 3 | CELLKKD/18-19/69 | 11.09.2018 | Steel frrame Bench with steel top & back Rest powder coating (16G) | 75"*12"*16" | @4386 | 10 |
| 4 | | | Steel Frame Desk | 75"*15"*28" | @4998 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | | | with steel to & shelf with powder coating (18G) | | | |
| 5 | CELLKKD/18-19/64 | 05.09.2018 | Steel frrame Bench with steel top & back Rest powder coating (16G) | 75”*12”*18” | @4474 | 40 |
| 6 | | | Steel Frame Desk with steel top & shelf with powder coating (18G) | 75”*15”*28” | @5085 | 40 |

GO(Rt)No.24/2018/SPD dated 28.06.2018 പ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് പർച്ചേസ് ചെയ്യാൻ പറ്റുന്ന സാധനങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം അനുവദനീയമായ ഇനങ്ങളുടെ വില 28.05.2015 ലെ GO(Rt)No.26/2015/SPD നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

മേൽ ഉത്തരവ് പ്രകാരം 20G, 22G സ്റ്റീൽ ഫർണിച്ചറുകൾ മാത്രമാണ് വാങ്ങുന്നതിന് അനുമതിയുള്ളത്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം 16G, 18G സ്റ്റീൽ ഫർണിച്ചറുകളാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല പ്രോജക്ട് പ്രകാരം പർച്ചേസ് ചെയ്ത സ്പെസിഫിക്കേഷനിലുള്ള സ്റ്റീൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മേൽ ഉത്തരവുകളിൽ അനുമതിയില്ല. ഇത്തരത്തിൽ സിഡ്കോയിൽ നിന്നും സ്റ്റീൽ ഫർണിച്ചർ വാങ്ങുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

ഒരേ പ്രോജക്ട് പ്രകാരം വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ബെഞ്ചുകളും ഡസ്കുകളുമാണ് വാങ്ങിയിരിക്കുന്നത്. വാങ്ങിക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ഒരേ സ്പെസിഫിക്കേഷനുള്ള ഫർണിച്ചറുകൾക്ക് വ്യത്യസ്ത വില ഈടാക്കിയിരിക്കുന്നു. മേൽ പട്ടികയിലെ ക്രമ നമ്പർ 4, 6 എന്നിവയായി രേഖപ്പെടുത്തിയിരിക്കുന്ന ഡെസ്കുകളുടെ സ്പെസിഫിക്കേഷൻ ഒന്നാണെങ്കിലും വില വ്യത്യസ്തമാണ്. ഇത്തരത്തിൽ സാധനം വാങ്ങിയതു വഴി 3480/- രൂപ ((5085-4998)*40) അധികം ചെലവഴിച്ചിട്ടുണ്ട്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. പ്രോജക്ട് പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.10.2020) SIDCO സർക്കാർ സ്ഥാപനമായതിനാൽ ഇങ്ങനെയുള്ള സ്പെസിഫിക്കേഷൻ കണക്കാക്കണം എന്നത് അറിവില്ലായിരുന്നുവെന്നും വില വ്യത്യാസം സിഡ്കോയുടെ ശ്രദ്ധയിൽ പെടുത്തി ആവശ്യമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 990542/- രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-27 സ്ഥിരം ജീവനക്കാർ - GIS, SLI എന്നിവയിൽ അംഗത്വമില്ലാതെ തുടരുന്നു.

തിരൂരങ്ങാടി നഗരസഭയിലെ സ്ഥിരം ജീവനക്കാരുടെ 3/18 മുതൽ 2/19 വരെയുള്ള ശമ്പള വിവരങ്ങളും ഇപ്പോഴുള്ള സ്ഥിരം ജീവനക്കാരുടെ സേവന പുസ്തകങ്ങളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാർ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് സ്കീമിലും ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിലും അംഗത്വമെടുത്തിട്ടില്ലെന്ന് കാണുന്നു.

GISൽ ചേർന്നിട്ടില്ലാത്തവർ

| പേര് | തസ്തിക |
|---|---|
| സുജ | RI |
| | |

| | |
|---|---|
| അനിത ടി | OA |
| പ്രമോദ് ദാസ് | RI |

SLIയിൽ ചേർന്നിട്ടില്ലാത്തവർ

| പേര് | തസ്തിക |
|---|---|
| രാജേഷ് വി.ഡി. | JHI |
| കൃഷ്ണമൂർത്തി | JS |

GISലും SLIയിലും ചേർന്നിട്ടില്ലാത്തവർ

| പേര് | തസ്തിക |
|---|---|
| മനോജ് കെ.കെ. | JHI |
| ഷൈനി കെ. | LDC/BC |
| സിഞ്ജു കെ. | OA |
| ഷബ്ന ടി.പി.എം. | LDC/BC |

സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കഴിയാത്ത ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ SLIയിലും ഒരു വർഷത്തിനുള്ളിൽ GISലും അംഗമാകേണ്ടതാണെന്നും അതുവരെ ജീവനക്കാർക്ക് ആദ്യ ഇൻക്രിമെന്റിന് അർഹത ഉണ്ടാവില്ല എന്നും GO(P)556/2008/Fin, തീയതി: 16-12-08 ലും ചട്ടം 22എ, 22ബി KSR, കുറിപ്പ് 3, ചട്ടം 31, KSR എന്നിവയിലും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചവരിൽ പലരും തുടർച്ചയായി ഇൻക്രിമെന്റുകൾ വാങ്ങി വരുന്നവരാണെന്ന് കാണുന്നു. ആയതിനാൽ മേൽ പരാമർശിക്കപ്പെട്ട സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി : 2/7-10-20) 16-10-20 ന് ലഭ്യമാക്കിയ മറുപടിയിൽ സുജ, അനിത, പ്രമോദ് ദാസ്, രാജേഷ്, കൃഷ്ണമൂർത്തി, മനോജ്എന്നിവർ മറ്റ് നഗരസഭകളിലേക്ക് സ്ഥലം മാറിപ്പോയതായും ഷൈനി, ശബ്ന, സിഞ്ജു എന്നിവർക്ക് GIS, SLI അക്കൗണ്ട് നമ്പറുകൾ 8-10-20ന് ലഭ്യമായിട്ടുള്ളതായും ആയത് അവരുടെ സേവന പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 ശമ്പള പരിഷ്കരണ കുടിശ്ശിക – പെൻഷൻ അംശദാനം അടവാക്കിയില്ല

GO(P)7/16/Fin; തീയതി: 20-01-16 ന്റെ അടിസ്ഥാനത്തിലുള്ള 2014 ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 01-07-14 മുതൽ 31-01-16 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ 2018-19 സാമ്പത്തിക വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തിരൂരങ്ങാടി നഗരസഭയിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | ഗഡു | വൗച്ചർ നമ്പർ/ |തീയതി | ചെക്ക്നമ്പർ/തീയതി |
|---|---|---|---|
| 85,027 | 3 | 21800175/26-6-18 | 02019625/18-6-18 |
| 93,568 | | 21800177/26-6-18 | 1944788/18-6-18 |
| 1,52,133 | | 21800176/26-6-18 | 1944787/18-6-18 |
| 39,837 | 4 | 21800413/24-10-18 | 02009223/24-10-18 |
| 2,79,210 | | 21800464/15-11-18 | 02009245/15-11-18 |

മേൽ പരാമർശിക്കപ്പെട്ട പ്രകാരം കുടിശ്ശിക തുക അനുവദിക്കപ്പെട്ട ജീവനക്കാർക്ക് ആനുപാതികമായ നിരക്കിൽ പെൻഷൻ അംശദാനം അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ/തീയതി:20/15-10-20) മറുപടിയിൽ പെൻഷൻ

അംശദാനം അടവാക്കിയിട്ടില്ലെന്നും തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിരുന്നു. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-29 നഗരസഭയിൽ നിന്നും വാടക നൽകിയത് - ആദായനികുതി കുറവ് വരുത്തിയില്ല

തിരൂരങ്ങാടി നഗരസഭയിലെ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിച്ച് വരുന്ന 16-ം ഡിവിഷനിലെ 454, 455, 456 എന്നീ നമ്പറുകളിലുള്ള വാടക കെട്ടിടത്തിന്റെ 14-10-16 മുതൽ 28-2-18 വരെയുള്ള വാടക ഇനത്തിൽ കെട്ടിട ഉടമ ശ്രീ പരപ്പൻ സൈതാലിക്ക് 2,75,184 രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ/തീയതി: 21800274/3-5-18, ചെക്ക് നമ്പർ/തീയതി: 02009259/3-8-18, മാസ വാടക = 17,199 രൂപ). ആദായ നികുതി ഇനത്തിലെ സെക്ഷൻ 194(i) പ്രകാരം 1,80,000 രൂപയിൽ കവിഞ്ഞ് അനുവദിക്കുന്ന കെട്ടിട വാടക തുകകളിൽ നിന്ന് 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. മേൽ പരാമർശിക്കപ്പെട്ട പ്രകാരം നൽകിയ വാടകയിൽ നിശ്ചിത നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി : 31/19-10-20) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ " കെട്ടിട ഉടമക്ക് അറിയിപ്പ് നൽകി ടിയാൻ ആദായ നികുതി രേഖകൾ ഹാജരാക്കാത്ത പക്ഷം നികുതി ഈടാക്കുന്നതിനും തൻ വർഷം മുതൽ തുടർന്നുള്ള വർഷങ്ങളിൽ വാടക തുകയിൽ നിന്നും നികുതി കുറവ് ചെയ്യുന്നതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-30 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമല്ല

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നഗരസഭയിൽ നിന്നും ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ Deposit ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (നിർവഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി)

| പ്രൊജക്ട് നമ്പർ/ഫണ്ട് | തുക | ചെക്ക് നമ്പർ, തീയതി/ ട്രഷറി ബിൽ നമ്പർ, തീയതി | ഏജൻസി | പ്രവൃത്തി |
|---|---|---|---|---|
| തനത് ഫണ്ട് | 1,05,937 | 21800777/24-3-19 | KSEB | Shifting LT Poles at Kanchangad koochal road |
| 47/19, വികസന ഫണ്ട് (എസ്.സി.പി) | 39,968 | 16/12-12-18 | KSEB | കോട്ടുവാലക്കാട് SC കോളനി - ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| 49/19, വികസന ഫണ്ട് | 9,10,000 | 15/21-11-18 | KWA | പൈപ്പ് ലൈൻ നീളം കൂട്ടലും അഭിവൃദ്ധിപ്പെടുത്തലും |
| ആകെ | =10,55,905രൂപ | | | |

മേൽ പരാമർശിച്ച പ്രകാരമുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി:22/15-10-20). ചെലവു തുക, 10,55,905 രൂപ താല്ക്കാലികമായി തടസ്സം ചെയ്യുന്നു.

### 1-31 നഗരസഭാ ജീവനകാരുടെ പെൻഷൻ അംശദാനം - അർഹമായതിലും കുറഞ്ഞ നിരക്കിൽ അടവാക്കുന്നു.

തിരൂരങ്ങാടി നഗരസഭയിലെ ജീവനക്കാരുടെ (റഗുലർ) 3/18 മുതൽ 2/19 വരെയുള്ള മാസങ്ങളിലെ ശമ്പള വിവരങ്ങൾ പരിശോധിച്ചതിൽ 3/18 മുതൽ 12/18 വരെയുള്ള മാസങ്ങളിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമാണ് പെൻഷൻ അംശദാനമായി കണക്കാക്കുകയും തുടർന്ന് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ, ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% ശതമാനം അവരുടെ പെൻഷൻ വിഹിതമായി സെൻടൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ള തുകകൾ എല്ലാം തന്നെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി: 4/7-10-20) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ശമ്പള ബിൽ തയ്യാറാക്കുന്ന "സ്ഥാപന" സോഫ്റ്റ് വെയറിന്റെ അപാകത മൂലമാണ് അപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും ആയതിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-32 വൃദ്ധർക്ക് കട്ടിൽ - അർഹമായ പ്രായപരിധിയിലും കുറഞ്ഞവർക്ക് ആനുകൂല്യം നൽകി

തിരൂരങ്ങാടി നഗരസഭയിലെ 60 വയസ്സ് കഴിഞ്ഞതും പട്ടികജാതി വിഭാഗത്തിൽ പെട്ടതുമായ വൃദ്ധർക്ക് കട്ടിൽ നൽകുന്നതിന് വേണ്ടിയുള്ള SO223/19 നമ്പർ പ്രൊജക്ട് പ്രകാരം 2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി SIDCO യിൽ നിന്ന് 100 കട്ടിലുകൾ വാങ്ങി നൽകിയിട്ടുണ്ട് (Invoice No.CELLKKD/18-19/22, തീയതി: 25-2-19 Try. Bill No./Date: 37/22-3-19). ആയതിന്റെ ചെലവു വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നിശ്ചിത പ്രായ പരിധിയിലും കുറഞ്ഞവരാണെന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | ജനന വർഷം | ആധാർ കാർഡ് നമ്പർ |
|---|---|---|
| ഗംഗാധരൻ പി.പി, പടിഞ്ഞാറെ പുരക്കൽ, പന്താരങ്ങാടി (പി.ഒ), തിരൂരങ്ങാടി | 1961 | 2628 7298 7454 |
| കുഞ്ഞാമല വടക്കം പറമ്പിൽ, തിരൂരങ്ങാടി | 1962 | 2012 1641 1981 |
| വേലായുധൻ പാലക്കൽ, കണ്ണാടിത്തടം, പന്താരങ്ങാടി | 1962 | 5427 6525 2522 |
| കല്യാണി കളത്തിൽപടി, കണ്ണാടിത്തടം, പന്താരങ്ങാടി | 1972 | 6668 0022 7469 |

പ്രൊജക്ട് പ്രകാരം യോഗ്യത ഇല്ലാതിരുന്ന മേൽ പരാമർശിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി: 32/19-10-20) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ശ്രീ വേലായുധൻ ഒഴികെയുള്ളവർ വാർദ്ധക്യകാല പെൻഷൻ വാങ്ങി വരുന്നവരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പൂർണ്ണമായും ശരിയല്ലെന്ന് കാണുന്നു. ശ്രീമതി കല്യാണി കളത്തിൽപടി എന്നവർ വിധവാ പെൻഷൻ ആണ് വാങ്ങി വരുന്നത്. ആയതിനാൽ മേൽ പരാമർശിക്കപ്പെട്ട ഗുണഭോക്താക്കളുടെ വയസ്സ് സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതും അനർഹരാണെന്ന് കണ്ടെത്തുകയാണെങ്കിൽ ആനുകൂല്യം തിരികെ ഈടാക്കേണ്ടതുമാണ്.-

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

**ഇല്ല.**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

. .

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.19 മുതൽ 20.08.2019 വരെ | കെ എസ് എ .എം പി എം 25/2162/2019 തി. 24.08.2019 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കാച്ചടി കുച്ചാൽ റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 105937 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 105937 |
| കെ.എസ്.ഇ.ബി | കോട്ടുവാലക്കോട് എസ്.സി കോളനി ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 39968 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 39968 |
| കെ.ഡബ്ല്യൂ.എ | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ അഭിവൃദ്ധിപ്പെടുത്തൽ | | 910000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 910000 |
| കേരള സാമൂഹ്യ സുരക്ഷാ മിഷൻ | വയോമിത്രം പദ്ധതിക്ക് വിഹിതം നൽകൽ | | 1000000 | 1000000 | പൂർത്തീകരിച്ചു | 0 |

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15890062 |
| തൻവർഷം നിക്ഷേപിച്ച തുക | 368648 |
| ആകെ | 16258710 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16258710 |

<u>2018-19 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | തുക | രശീതി നം& തിയ്യതി | പുതുക്കിയ തിയ്യതി |
|---|---|---|---|---|---|
| 1 | തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 18989 | 4881233 | 020575/01.11.2017 | 03.11.2018 |
| 2 | | 18988 | 2766174 | 020574/23.7.2015 | 24.07.2018 |
| 3 | കേരള ഗ്രാമീൺ ബാങ്ക് | 40275201200003 | 5750993 | 722534/14.02.2013 | 06.02.2019 |
| 4 | | 40275141400003 | 723928 | 722533/14.02.2013 | 06.02.2019 |
| 5 | | 40275141300013 | 20757 | 722535/03.02.2017 | 08.02.2019 |
| 6 | | 40275201900046 | 88306 | 722687/03.06.2019 | 03.06.2020 |
| 7 | കനറ ബാങ്ക് | 0825401001658 | 2027319 | 121298/01.11.2017 | 03.11.2018 |

ആകെ 16258710

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ),(ബി),45,46(എ),(ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 83151 | 80269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2882 ഈടാക്കാനവശേഷിക്കുന്നു |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 1356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 15741/Spl.Cell/SC5/04 Dt. 07.04.2005 | 39881 | 38989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 10627/Spl.Cell/SC5/05 Dt. 09.2010 | 73243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 7 | 2002-03 (സർചാർജ്ജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 8486/Spl.Cell/SC5/09 Dt. 05.02.2010 | 9044 | 9044 രൂപ ഈടാക്കാനവശേഷിക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 159814675 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135973027 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5767787 |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-21 | 61880 | ശ്രീ. വിഷ്ണു.ആർ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| 1-22 | 2577000 | ശ്രീമതി.ലീന തോമസ്.പ്രിൻസിപ്പാൾ |
| 1-23 | 97930 | ശ്രീമതി.ലീന തോമസ്.പ്രിൻസിപ്പാൾ |
| 1-24 | 984530 | ശ്രീ. മൊഹമ്മദലി എൻ, പ്രിൻസിപ്പാൾ |
| 1-26 | 990542 | ശ്രീ. മൊഹമ്മദലി എൻ, പ്രിൻസിപ്പാൾ |
| 1-30 | 1055905 | ശ്രീ. നാസ്സിം.ഇ , മുനിസിപ്പൽ സെക്രട്ടറി. |
| ആകെ | 5767787 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം
ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ
ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ എഫ് എം 15/2018/94 തിയതി 3.7.10 | 11 |
| 2 | 1982-83 | എൽ എഫ് എം9/2021/94 തിയതി 3.10.10 | 40 |
| 3 | 1985-86 | എൽ എഫ് എം9/2024/94 തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ എഫ് എം6/214/95 തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ എഫ് എം6/648/96 തിയതി 3.7.10 | 12 |
| 6 | 1991-92 | എൽ എഫ് എം6/1251/94 തിയതി 3.7.10 | 17 |
| 7 | 1992-93<br>1993-94 | എൽ എഫ് എം6/1000/96 തിയതി 3.7.10 | 17 |
| 8 | 1994-95<br>1995-96 | എൽ എഫ് എം6/1014/97 തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ എഫ് എം15/617/99 തിയതി 10.10.10 | 11 |
| 10 | 1998-99 | എൽ എഫ് എം14/487/01 തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ എഫ് എം17/849/06 തിയതി 10.10.10 | 9 |
| 12 | 1999-2002(പ്ലാൻ) | എൽ എഫ് എം14/877/04 തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ എഫ് എം17/1672/06 തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ എഫ് എം10/1858/06 തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ എഫ് എം17/67/08 തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ എഫ് എം17/68/08 തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ എഫ് എം17/2239/08 തിയതി 3.7.10 | 14 |
| 18 | 2005-06 | എൽ എഫ് എം14/738/11/ തിയതി 28.5.11 | 10 |

| | | | |
|---|---|---|---|
| 19 | 2006-07 | എൽ എഫ് എം14/1576/11 തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ എഫ് എം14/1291/12/ തിയതി 19.11.12 | 15 |
| 21 | 2008-09 | എൽ എഫ് എം14/1292/12/ തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ എഫ് എം14/1293/12/ തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ എഫ് എം14/399/13 തിയതി 12.7.13 | 18 |
| 24 | 2012-13<br>2013-14 | കെ എസ് എ എം പി എം14/1638/14 തിയതി 29.5.15 | 20 |
| 25 | 2014-15 | കെ എസ് എ എം പി എം25/3388/16 തിയതി 12.7.17 | 20 |
| 26 | 2015-16 | കെ എസ് എ എം പി എം25/240/17 തിയതി 20.6.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തിയതി 12.6.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തിയതി 18.12.19 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

<u>അനുബന്ധം-1</u>

<u>ഓഡിററ് സർട്ടിഫിക്കറ്റ്</u>

നം. കെ.എസ്.എ.എം.പി.എം.25/2162/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി: 24.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(6) വകുപ്പ്, 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ